(ബി) ലോൺ ഇനത്തിൽ 2,73,780 രൂപ പ്രത്യേക ധനസഹായമായി നൽകിയിട്ടുണ്ട്.

(സി) 57,000 രൂപ.

(ഡി) 86,576 രൂപ. 6 പൈസ.

(ഇ) ഇല്ല, ഗ്രാൻറ് തുകകൾക്ക് രജിസ്റ്റർചെയ്യൽ പ്രമാണങ്ങൾ ആവശ്യമല്ല. വായ്പത്തുകയ്ക്ക് ആവശ്യമായ പ്രമാണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ നടന്നുവരുന്നുണ്ട്.

ഏലക്ട്രിസിറ്റിവകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് നൽകിയിരിക്കുന്ന അധികാരങ്ങൾ.

*180. [72] ശ്രീ. പി. ടി. ആൻറണി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏലക്ട്രിസിറ്റി വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് നൽകിയിരിക്കുന്ന കൂടുതൽ അധികാരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ രൂപരേഖ പ്രസ്താവിക്കാമോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. കെ. വേലായുധൻ):

പ്രസ്തുത വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് നൽകിയിട്ടുള്ള കൂടുതൽ അധികാരങ്ങൾ പിൻവലിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിലേയ്ക്കു പ്രത്യേകമായുള്ള ഒരുത്തരവും ആവശ്യമില്ല.

വൈദ്യുതിക്ഷാമം.

*181. [73] ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ലൈനുകളിൽ വൈദ്യുതി വിതരണം നടത്തുന്നതിനു പോസ്റ്റുകൾ ഇല്ലെന്നുള്ള പരാതി ശരിയാണോ;

(ബി) ഇതു പരിഹരിക്കുന്നതിനു് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. കെ. വേലായുധൻ):

(എ) ആവശ്യമുള്ളത്ര പോസ്റ്റുകൾ ഇപ്പോൾ ഇല്ലെന്നുള്ളതു് ശരിയാണു്.

(ബി) ഉണ്ടു്.

ഗ്രാമവൈദ്യുതീകരണ പദ്ധതി.

*182. [74] ശ്രീ. ടി. കൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954–55 സംബന്ധത്തെ കണക്കിൽ ഗ്രാമവൈദ്യുതീകരണ പദ്ധതിക്കുവേണ്ടി എത്ര രൂപ ചെലവായിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly